**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4968** **01-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റീസർവ്വേ നടപടികൾ ഇനിയും പൂർത്തിയാക്കാത്ത എത്ര വില്ലേജുകൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളുടെ റീസർവെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 755 വില്ലേജുകളിൽ 27 വില്ലേജുകളുടെ റീസർവെ ജോലികൾ നിലവിൽ തുടർന്നു വരുന്നു. റീസർവെ നടപടികൾ ശേഷിക്കുന്ന വില്ലേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | റവന്യൂ സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വിവരം ലഭ്യമാക്കാമോ? | (ബി) | റവന്യൂ സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System), സർവ്വേ വകുപ്പിന്റെ Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നിവ സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. നിലവിൽ റവന്യൂ വകുപ്പിന്റെ RELIS, സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം ഡിജിറ്റൽ രീതിയിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ച 87 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. അപ്രകാരം സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകളുടെ എണ്ണം | ശേഷിക്കുന്ന വില്ലേജുകളുടെ വിവരം |
|---|---|---|---|
| 1 | തിരുവനന്തപുരം | 124 | 10 |
| 2 | കൊല്ലം | 105 | 17 |
| 3 | പത്തനംതിട്ട | 70 | 11 |
| 4 | ആലപ്പുഴ | 93 | 17 |
| 5 | കോട്ടയം | 100 | 12 |
| 6 | ഇടുക്കി | 68 | 30 |
| 7 | എറണാകുളം | 127 | 52 |
| 8 | തൃശ്ശൂർ | 255 | 181 |
| 9 | പാലക്കാട് | 157 | 41 |
| 10 | മലപ്പുറം | 138 | 81 |
| 11 | കോഴിക്കോട് | 118 | 101 |
| 12 | വയനാട് | 49 | 13 |
| 13 | കണ്ണൂർ | 133 | 84 (ദേശം/ ബ്ലോക്കുകൾ) |
| 14 | കാസർഗോഡ് | 129 | 105 |
| **ആകെ** | | **1666** | **755** |